

# സുഫലാം... സുജലാം...

കെ. മുരളീധരൻ



**ഈ**യടുത്ത് ഞാൻ നാട്ടിൽ വന്നപ്പോൾ ബിസിനസ്സ് ആവശ്യങ്ങൾക്കായി കേരളത്തിലുട നീളം യാത്രചെയ്യേണ്ട ഒരവസരമുണ്ടായി. പോയ വഴികളിലെല്ലാം, പലയിടത്തും വഴിയോരത്ത് രാപകൽ ഭേദമന്യേ കുടങ്ങളും, ബക്കറ്റുകളുമായി സ്ത്രീകളും കുട്ടികളും പുരുഷന്മാരും പൈപ്പിൻ ചുവട്ടിലും വെള്ളം കൊണ്ടുവരുന്ന ടാങ്കർ ലോറിക്കുമായി കാത്തുനിൽക്കുന്നതു കണ്ടു. 44 നദികളും അനേകം കായലുകളും തോടുകളും കുളങ്ങളും കിണറുകളുമെല്ലാം കൊണ്ട് സമൃദ്ധമായിരുന്ന നമ്മുടെ കൊച്ചുകേരളത്തിൽ ഇന്ന് ഒരുതുടം കുടിവെള്ളത്തിനായി ആളുകൾ കാത്തിരിക്കുന്ന ദൃശ്യം ഹൃദയഭേദകമായി തോന്നി.

ഗൾഫിലെ മണലാരണ്യങ്ങളിലെ കൊടുംചൂടും കൊടുംതണുപ്പും സഹിച്ച് ജീവിക്കുമ്പോൾ നമ്മുടെ സസ്യശ്യാമളമായ, ഹരിതാഭമായ നാടിനെയോർത്ത് ഊറ്റംകൊണ്ടിരുന്നു. എത്ര കൊടിയ വേനൽക്കാലത്തും നമ്മുടെ നാട്ടിൽ സഹിക്കാവുന്നതിലധികം ചൂടു തോന്നിയിരുന്നില്ല. എന്നാൽ ഇത്തവണത്തെ യാത്രയിൽ, കാറിന് പുറത്തിറങ്ങിയപ്പോഴെല്ലാം ആളിക്കത്തുന്ന ഒരഗ്നികുണ്ഠത്തിനടുത്താണ് നിൽക്കുന്നതെന്ന് തോന്നിപ്പോയി. ഒരു വർഷം ആറുമാസത്തിലധികം സമയം സമൃദ്ധമായി മഴ ലഭിച്ചിരുന്ന നമ്മുടെ നാട്ടിലിന്ന് ക്രമംതെറ്റിയ, ശുഷ്കമായ കാലവർഷമാണ് ലഭിക്കുന്നത്. എന്താണ് നമ്മുടെ നാടിന് സംഭവിച്ചത്, സംഭവിച്ചുകൊണ്ടിരിക്കുന്നത്?

ഉത്തരം തേടി അധികം അലയേണ്ടതില്ല. ഇതിനെല്ലാം കാരണം നമ്മുടെയെല്ലാം നിരുത്തരവാദപരവും അശാസ്ത്രീയവുമായ ജീവിതചര്യകളാണ്. പണ്ടുകാലത്തെല്ലാം നമ്മുടെ പൂർവ്വികർ, കുളങ്ങളെയും കിണറുകളെയുമാണ് വെള്ളത്തിനായി ആശ്രയിച്ചിരുന്നത്. ബാല്യകാലത്ത് കിണറ്റിൽ നിന്നും ബക്കറ്റിൽ കോരിയെടുത്ത തണുത്ത വെള്ളം കൈക്കുമ്പിളിൽ കുടിച്ച്, മുഖവും കൈകാലുകളും കഴുകുമ്പോൾ കിട്ടിയിരുന്ന സുഖവും, സ്കൂളിനടുത്തുള്ള ചിറയിൽ നീന്തിത്തുടിച്ചു കുളിച്ചിരുന്ന കാലവുമെല്ലാം ഞാനോർത്തു. ഇന്ന് കുളങ്ങളും കിണറുകളും വയലുകളുമെല്ലാം പുതുതലമുറയ്ക്ക് അന്യമായിക്കൊണ്ടിരിക്കുകയാണ്. മഴവെള്ളം സംഭരിക്കുവാനും ഭൂഗർഭജലത്തിന്റെ അളവ് നിലനിർത്തുവാനും ഉതകിയിരുന്ന ഇവയെല്ലാം നികത്തി അവിടെയെല്ലാം പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു. അതിനുപുറമേ വീടിന്റെ നാലുപുറവും സിമന്റോ ടൈലുകളോ കോൺക്രീറ്റോ ഇട്ട് മോടിപിടിപ്പിക്കുവാനും തുടങ്ങി. ഫലമോ, മഴ പെയ്താൽ പെയ്തുവീഴുന്ന മഴയിൽ നിന്നുള്ള തുള്ളി പോലും ഭൂമിയിലേക്കിറങ്ങാതെ ഭൂരിഭാഗവും തോടിലൂടെയും കനാലിലൂടെയും ഒലിച്ചുപോകുവാൻ തുടങ്ങി.



1950-ൽ കേരളത്തിൽ 65 ശതമാനത്തോളം ഭാഗം കാടുകളായിരുന്നുവെന്നാണ് കണക്ക്. 2004-ലെ കണക്കുകൾ പ്രകാരം ഇത് പകുതിയിൽ താഴെയായി മാറി. പതിനായിരക്കണക്കിന് ഹെക്ടർ വനഭൂമി വെട്ടി നിരപ്പാക്കി, ഇളക്കി മറിച്ച് അവിടെ നമ്മൾ കൃഷി ആരംഭിച്ചു. പക്ഷെ മണ്ണൊലിപ്പ് ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ ഒന്നും തന്നെയില്ലാതെയായിരുന്നു ഈ കൃഷി. ഫലമോ? മഴക്കാലത്ത് ഈ പ്രദേശങ്ങളിൽനിന്ന് മേൽമണ്ണ് ഒഴുകി പുഴകളിലും നദികളിലും അടിയുവാൻ തുടങ്ങി. പുഴകളും നദികളും നികന്നു വെറും മണൽപ്പരപ്പുകളായി, ഉള്ള വെള്ളം അടിയിൽ കാണാമറയത്തായി, കുളിക്കുവാൻ വരുന്നവർ കുഴിയുണ്ടാക്കി കുളിക്കേണ്ട സ്ഥിതിവിശേഷമായി. മണ്ണൊലിപ്പു മൂലം പുഴകളിൽ വന്നടിയുന്ന മണൽ ശാസ്ത്രീയമായ രീതികളിൽ വാരി മാറ്റി പുഴകളെ സംരക്ഷിക്കാത്തതു മൂലം ഉള്ളവെള്ളം കെട്ടിക്കിടന്ന് മലീമസമായിത്തീർന്നു.

വനനശീകരണവും അശാസ്ത്രീയമായ മണലൂറ്റും ഒരുവഴിക്ക് നടക്കുമ്പോൾ മറുവഴിക്ക് പ്ലാസ്റ്റിക്കിന്റെ അമിതമായ ഉപയോഗവും പരിസ്ഥിതിയെ വളരെ ദുർബലമാക്കിക്കൊണ്ടിരിക്കുന്നു. പ്ലാസ്റ്റിക്കില്ലാത്ത ഒരു ലോകത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും ചിന്തിക്കുവാൻ പോലുമാകാത്ത സ്ഥിതിയാണിപ്പോൾ നമ്മുടേത്. എന്നാൽ ഇത് വരുത്തിവയ്ക്കുന്ന അനന്തരഫലങ്ങളെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ?



ആകാരഭംഗികൊണ്ടും ചിലവുകുറവുകൊണ്ടും എല്ലാത്തരം ഉപഭോക്താക്കളുടേയും ഉറ്റതോഴനായി മാറിയ ഇതിൽ അപകടകാരികളായ നിരവധി രാസപദാർത്ഥങ്ങൾ അടങ്ങിയിട്ടുണ്ട്. പ്ലാസ്റ്റിക്കും മനുഷ്യനും തമ്മിലുള്ള ബന്ധം അറിയുന്നതിന് വെറുതേ നമ്മുടെ അടുക്കളയിൽ തന്നെ ഒന്നു നോക്കിയാൽ മതി. പ്ലാസ്റ്റിക്കിനെ ചൂടാക്കി രൂപമാറ്റം വരുത്തുമ്പോഴും, ഉപയോഗശൂന്യമായവ കത്തിച്ചുകളയുമ്പോഴും, അന്തരീക്ഷത്തിലേക്ക് വമിക്കുന്ന വിഷവാതകങ്ങൾ പ്രകൃതിയെ മലിനപ്പെടുത്തുന്നതോടൊപ്പം മനുഷ്യന് നിരവധി രോഗങ്ങളേയും സമ്മാനിക്കുന്നു. നമ്മുടെ വീട്ടുവളപ്പിലും നിരത്തുകളിലും പുഴകളിലും തോടുകളിലുമെല്ലാം പ്ലാസ്റ്റിക് ചണ്ടികൾ അനുദിനം കുന്നുകൂടുകയാണ്. വലിച്ചെറിയപ്പെട്ട ഇവ ദ്രവിച്ച് മണ്ണിനോട് ചേരുവാൻ നൂറ്റാണ്ടുകളെടുക്കും.

> **ഗൾഫിലെ മണലാരണ്യങ്ങളിലെ കൊടുംചൂടും കൊടുംതണുപ്പും സഹിച്ച് ജീവിക്കുമ്പോൾ നമ്മുടെ സസ്യശ്യാമളമായ, ഹരിതാഭമായ നാടിനെയോർത്ത് ഊറ്റംകൊണ്ടിരുന്നു. എത്ര കൊടിയ വേനൽക്കാലത്തും നമ്മുടെ നാട്ടിൽ സഹിക്കാവുന്നതിലധികം ചൂടു തോന്നിയിരുന്നില്ല. ഒരു വർഷം ആറുമാസത്തിലധികം സമയം സമൃദ്ധമായി മഴ ലഭിച്ചിരുന്ന നമ്മുടെ നാട്ടിലിന്ന് ക്രമംതെറ്റിയ, ശുഷ്കമായ കാലവർഷമാണ് ലഭിക്കുന്നത്. എന്താണ് നമ്മുടെ നാടിന് സംഭവിച്ചത്, സംഭവിച്ചുകൊണ്ടിരിക്കുന്നത്?**

ഭൂമിയിൽ കുഴിച്ചുമൂടപ്പെട്ട ഈ പ്ലാസ്റ്റിക് ദ്രവിക്കാതെ കിടന്ന് ഭൂമിയുടെ പ്രകൃതിജന്യമായ പ്രവർത്തനത്തിന് തടസ്സം വരുത്തുകയും, മഴവെള്ളം മണ്ണിലേക്കിറങ്ങുവാൻ സമ്മതിക്കാതെ അവ ഒലിച്ചുപോകാനിടയാക്കി ഭൂമിയുടെ ജലസംഭരണത്തെ തകരാറിലാക്കുകയും ചെയ്യുകയാണ്. മാത്രമല്ല, മണ്ണിനു മുകളിലും അടിയിലുമായി ഇവ അടിഞ്ഞുകൂടി കിടക്കുന്നതിനാൽ മണ്ണിന്റെ ഫലഭൂയിഷ്ടി നഷ്ടപ്പെടുന്നു. മരങ്ങളുടെയും ചെടികളുടെയും വേരുകൾ മണ്ണിനടിയിലേക്ക് ഇറങ്ങിച്ചെല്ലുവാൻ കഴിയാതെ അതിന്റെയെല്ലാം വളർച്ച മുരടിപ്പിക്കുന്നു.

ഇതിനെല്ലാം ഉടനടി നമ്മൾ പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. എല്ലാ ഉത്തരവാദിത്വങ്ങളും സർക്കാരിനെ ഏൽപ്പിച്ച് കൈയുംകെട്ടിയിരിക്കുകയല്ല നമ്മൾ വേണ്ടത്. കാടും പുഴയും കാട്ടുചോലയുടെ കുളിരും സംഗീതവുമെല്ലാം നമുക്ക് തിരിച്ചു കൊണ്ടുവരേണ്ടിയിരിക്കുന്നു; നമുക്കും നമ്മുടെ വരുംതലമുറയ്ക്കും വേണ്ടി. അതിനുള്ള വളരെയധികം ഫലപ്രാപ്തിയുള്ള ഒരു ശ്രമമാണ് 'മഴവെള്ള സംഭരണം.' മഴവെള്ളത്തെ പിടിച്ചുനിർത്തുവാനോ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാനോ ഒറ്റപ്പെട്ട ചില കർമ്മപരിപാടികളല്ലാതെ ഇക്കാര്യത്തിൽ നാം വേണ്ടത്ര ബോധവാന്മാരായിട്ടില്ല. ആറുമാസം പ്രകൃതി നമുക്ക് കനിഞ്ഞുനൽകുന്ന കാലവർഷമെന്ന അനുഗ്രഹത്തെ ശാസ്ത്രീയമായി സംഭരിക്കുവാനും അതിനെ ഭൂഗർഭത്തിലേക്ക് പരമാവധി കടത്തിവിടാനുമുള്ള സംരംഭങ്ങൾ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും വേണം. അവനവന്റെ സ്ഥലത്ത് വീഴുന്ന ഒരു തുള്ളിവെള്ളം പോലും ഒഴുകിപ്പോകുവാൻ അനുവദിക്കരുത്.



കെട്ടിടങ്ങളുടെ മേൽക്കൂരയിൽ വീഴുന്ന വെള്ളം സ്വന്തം പറമ്പുകളിൽ കിണറുകളുണ്ടെങ്കിൽ സമീപത്തൊരു കുഴിയിലേക്കുവീഴ്ത്തി, ഭൂമിക്കടിയിലൂടെ തന്നെ കിണറിലേക്ക് അരിച്ചിറക്കുക. അല്ലെങ്കിൽ ഭൂമിയിൽ ഒരു കുഴിയെടുത്ത് അതിൽ മഴവെള്ളം സംഭരിക്കുക, വീടുകളിലെ കയ്യാലകൾ ബലപ്പെടുത്തുക, മഴവെള്ളത്തെ ഒഴുകിപ്പോകാതെ മണ്ണിലേക്കിറക്കുവാൻ സഹായിക്കുന്ന ചെമ്പരത്തി, രാമച്ചം തുടങ്ങിയ ചെടികളുപയോഗിച്ച് ജൈവവേലികൾ വച്ചുപിടിപ്പിക്കുകയും, അതിരുകളിൽ കൈത, കൊന്ന തുടങ്ങിയവ നടുകയും ചെയ്യുക. പറമ്പിലെ ഒരിഞ്ചുസ്ഥലംപോലും പാഴാക്കാതെ പച്ചക്കറിത്തോട്ടമോ, പൂന്തോട്ടമോ വച്ചുപിടിപ്പിക്കുക. ജലസ്രോതസ്സുകൾ സംരക്ഷിക്കുക, ഒരു മരം മുറിക്കേണ്ടിവന്നാൽ പകരം രണ്ടു മരങ്ങളെങ്കിലും നട്ടുപിടിപ്പിക്കുവാൻ ശ്രമിക്കുക തുടങ്ങിയ ലളിതമായ കാര്യങ്ങൾ നമുക്കുതന്നെ ചെയ്യുവാൻ കഴിയും. പാശ്ചാത്യരാജ്യങ്ങളിൽ മണ്ണൊലിപ്പു തടയുവാൻ ശക്തമായ മുൻകരുതലുകൾ ഗവൺമെന്റുകൾ സ്വീകരിക്കാറുണ്ട്. അമേരിക്കയിൽ ഒരു വീടുവച്ചാൽ, പരിസരം മുഴുവൻ പുൽത്തകിടി വച്ചുപിടിപ്പിച്ചിരിക്കണം.

അശാസ്ത്രീയമായ രീതിയിൽ നദികളിൽ നിന്ന് മണലെടുക്കുന്നത് കർശനമായി നിയന്ത്രിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. നദികളിൽ അടിഞ്ഞുകൂടിയ മണ്ണ്, അടിത്തട്ടിനു കേടുപറ്റാത്ത രീതിയിൽ വാരിമാറ്റണം. നദികളുടെയും പുഴകളുടെയും തീരങ്ങളിൽ മണലിടിയാതിരിക്കുവാനും മണ്ണൊലിപ്പ് തടയുവാനും കണ്ടൽക്കാടുകളും, ഈറ്റയും മുളയും പോലുള്ള ചെടികൾ നട്ടുപിടിപ്പിക്കണം.

വരുംതലമുറയ്ക്കുകൂടി അവകാശപ്പെട്ട അമൂല്യമായ ജലസമ്പത്ത് സംരക്ഷിക്കുക എന്നത് പാവനമായ ഒരു കർമ്മമാണെന്ന് എല്ലാവരും ഓർക്കുക. അടുത്ത കാലവർഷം ആരംഭിക്കുവാൻ ഇനി അധികം നാളുകളില്ല. ഇതാണ് നല്ല സമയം. ഈ കാലവർഷത്തിനുമുമ്പായി അവരവരുടെ വീടുകളിൽ ഒരു മഴവെള്ള സംഭരണി തീർക്കുക. കയ്യാലകൾ ബലപ്പെടുത്തുക അതിരുകളിൽ ചെടികൾ നട്ടുപിടിപ്പിക്കുക. ഈ വരുന്ന വർഷകാലത്ത് ഒരുതുള്ളി വെള്ളംപോലും പാഴായിപ്പോകാതെ സൂക്ഷിക്കുമെന്ന് സ്വയം പ്രതിജ്ഞയെടുക്കുക. അതിനെല്ലാം പുറമേ, നമ്മുടെ കുട്ടികളെ മഴയെക്കുറിച്ചും ഭൂഗർഭത്തിലെ ജലസ്രോതസ്സിനെക്കുറിച്ചും വെള്ളത്തിന്റെ മൂല്യത്തെക്കുറിച്ചും ബോധവാന്മാരാക്കുക. അവരെക്കൂടി ഈ പരിപാടികളിലെല്ലാം സജീവ പങ്കാളികളാക്കുക. ■